20.07.2018

# പി.കെ. നായർക്ക് ആദരവൊരുക്കി സിനിഫീലിയ

പതിനൊന്നാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്രമേളയിൽ പി.കെ. നായർക്ക് ആദരവ്. നാഷണൽ ഫിലിം ആർക്കൈവ് ഓഫ് ഇന്ത്യയുടെ സ്ഥാപകനായ പി.കെ. നായർക്ക് ആദരവ് അർപ്പിച്ചുകൊണ്ട് സിനിഫീലിയ വിഭാഗത്തിൽ ആറു ചിത്രങ്ങൾ പ്രദർശിപ്പിക്കും. പ്രശസ്ത ചലച്ചിത്ര നിരൂപകൻ സി.എസ് വെങ്കിടേശ്വരനാണ് ക്യുറേറ്റർ. കമൽ സ്വരൂപിന്റെ രംഗഭൂമി, കെ.ആർ മനോജിന്റെ 16 എം.എം: മെമ്മറീസ് മൂവ്മെന്റ് ആന്റ് എ മെഷീൻ, ജാക്വസ് റിച്ചാർഡിന്റെ ഹെൻട്രി ലാങ്വാ: ഫാന്റം ഓഫ് സിനിമാതെക്, ഷുമോണ ഗോയലിന്റെ ഐ ആം മൈക്രോ, മരിയ അൽവരാസിന്റെ ലാ സിനിഫിലാസ്, സോഫി ഫിയൻസിന്റെ പെർവെട്സ് ഗൈഡ് ടു സിനിമ എന്നിവയാണ് സിനിഫീലിയ വിഭാഗത്തിലെ ചിത്രങ്ങൾ.

ദാദാ സാഹിബ് ഫാൽക്കേയുടെ നാടക പ്രവർത്തനത്തിലൂടെയും ജീവിതത്തിലൂടെയും കമൽ സ്വരൂപ് നടത്തിയ യാത്രകളുടെ രൂപരേഖയാണ് രംഗഭൂമി എന്ന ചിത്രം. കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ സഞ്ചാരപഥങ്ങളും അതിന് 16 എംഎം ഫിലിം പ്രൊജക്ടറുമായുള്ള ബന്ധവും അടയാളപ്പെടുത്താനുള്ള ശ്രമമാണ് 16 എം.എം. മെമ്മറീസ് മൂവ്മെന്റ് ആന്റ് എ മെഷീൻ എന്ന ചിത്രം. ചലച്ചിത്ര സമ്പാദകനായ ഹെൻട്രി ലാങ്വയുടെ ജീവിതത്തെ അപഗ്രഥിക്കുന്ന ഡോക്യുമെന്ററിയാണ് ഹെൻട്രി ലാങ്വാ: ദ ഫാന്റം ഓഫ് സിനിമാതെക്.

സിനിമാ നിർമ്മാണത്തെക്കുറിച്ചുള്ള പരീക്ഷണാത്മക ചിത്രമാണ് ഷുമോണ ഗോയലിന്റെ ഐ ആം മൈക്രോ. വാർദ്ധക്യത്തിന്റെ വിരസത അകറ്റാൻ ദിവസവും സിനിമയ്ക്ക് പോകുന്ന ജോലിയിൽ നിന്ന് വിരമിച്ച ഒരുകൂട്ടം സ്ത്രീകളുടെ കഥ പറയുകയാണ് മരിയ അൽവരാസിന്റെ ലാസ് സിനിഫിലാസ്. സിനിമ ഒരാളിൽ എങ്ങനെയൊക്കെ പ്രവർത്തിക്കുമെന്നും പ്രതിഫലിക്കുമെന്നും സരസമായി അനാവരണം ചെയ്യുന്ന ചിത്രമാണ് സോഫിയ ഫിയാൻസിന്റെ  പെർവെട്സ് ഗൈഡ് ടു.

# മേളയിൽ ഇന്ന് (21.07.2018)

**നിള**

ഉച്ചയ്ക്ക് 2.00 - ഇൻ കോൺവർസേഷൻ - ലതാമണി, സി.എസ് വെങ്കിടേശ്വരൻ

## പ്രദർശനങ്ങൾ

**കൈരളി**

രാവിലെ 9.30 - ഭൂമി, ലാസ്റ്റ് റൈറ്റ്സ്, അക്കോർഡ്, ചെയ്സിംഗ് ഡ്രീംസ്, അമോലി, 11.30 - ദ് റൈറ്റ് സൈഡ്, അൺകാൾഡ്, എസ്.ഡി : സരോജ് ദത്ത ആന്റ് ഹിസ് ടൈംസ് 3.00 - വാട്ട് മാൻ, ജോയ്, ഡോട്ടേഴ്സ് ഓഫ് പാരഡൈസ്, ഇൻ ഫാക്ട് 6.00 - സർക്കിൾ, ബ്രോക്കൺ ഫ്ളവേഴ്സ്, ലോക്ക് ആന്റ് കീ

**ശ്രീ**

രാവിലെ 10.00 - നൊക്ടേൺ 1, നൊക്ടേൺ 2, ഹിയർ  നൗ, ദെ സൈഡർ സെവൻ, ദ് പോയെറ്റിക്സ് ഓഫ് ഫ്രജിലിറ്റി, 12.15 - എ നർമദ ഡയറി, 16 എംഎം മെമ്മറീസ്, മൂവ്മെന്റ് ആന്റ് എ മെഷീൻ, 3.15 - ഇക്കി, ദ് ലിറ്റിൽ ബോയ്, മനേദ് & മാച്ചോ, ഹോൾ ടു പാർട്ട്, ലഞ്ച് ടൈം, പെയ്ൽ മിറേർസ്, അനിമൽ, ലോസ്റ്റ് പ്രോപ്പർട്ടി, ബ്ലൂ ഐസ് ബോയ്, എ ഗേൾ ഇൻ ദ് റൂം 6.15 - ഹിപ്പോക്രാറ്റിക്, 8.30 - ഓപ്പർച്യൂണിറ്റി, മെഷീൻസ്

**നിള**

രാവിലെ 9.45 - അക്കേഡ, മിറേർസ് ഓഫ് ഡയസ് പൊറ, 11.45 - ദ് ഔട്ട് സൈഡർ, സോഫ്ന എ ഫ്ളൈയിംഗ് കിഡ്, ദ് സ്ലേവ് ജെനെസിസ് 3.30 - പടിഞ്ഞാറ്, യുടു, രുചിഭേദം, ഓൺ ദ് വെയ്, ക്യാറ്റ് ഫിഷ്, അതാസി 6.30 - ഉടുമ്പ്, മിഡ്നൈറ്റ് റൺ, ദ് ബോഡി, എംസി കാഷ്, വെൽകം വാലന്റൈൻ 2017, വെയ്ൽ ഡൺ

തുടരും